**A**

# സമഗ്ര ശിക്ഷാ, കേരളം

# വാർഷിക മൂല്യനിർണയം 2022-23

**ക്ലാസ് : 8** **മലയാളം** **സമയം : 1½ മണിക്കൂർ**

**അടിസ്ഥാനപാഠാവലി** **ആകെ സ്കോർ : 40**

**നിർദേശങ്ങൾ**

- ആദ്യ പതിനഞ്ചു മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം.** **(4 X1 = 4)**

1. "അരി തരാനില്ലെങ്കിൽ എല്ലാത്തിനും കുറേ വെഷം തന്ന് അങ്ങ് കൊന്നേക്കട്ടെ".
മർക്കോസിന്റെ ഈ വാക്കുകളിൽ തെളിയുന്നതെന്ത്? (ആ വാഴവെട്ട്)
   - സഹതാപം
   - സന്തോഷം
   - പ്രതിഷേധം
   - അഹങ്കാരം

2. "മുറ്റത്തിനൈശ്വര്യം ചാർത്തുമപ്പൂക്കളോ-
ടൊപ്പമെന്നമ്മയും തുമ്പപോലെ" (പുതുവർഷം)
ഈ വരികളുടെ ആശയത്തിന് ഏറ്റവും യോജിച്ച പ്രസ്താവന ഏത്?
   - അമ്മയ്ക്കും തുമ്പപ്പൂവിനും ഒരേ നിറമാണ്.
   - പൂക്കളത്തിലെ തുമ്പപ്പൂപോലെയാണ് അമ്മ.
   - അമ്മ തുമ്പപ്പൂകൊണ്ട് പൂക്കളം തീർക്കുന്നു.
   - അമ്മയ്ക്ക് തുമ്പപ്പൂവിനേക്കാൾ ഭംഗിയുണ്ട്.

3. താഴെ തന്നിരിക്കുന്നതിൽ ശരിയായി പിരിച്ചെഴുതിയ പദക്കൂട്ടം ഏത്?
   - തിരുവോണം - തിരു, വോണം
   - കത്തിയെരിഞ്ഞു - കത്തി, എരിഞ്ഞു
   - നെന്മണി - നെല്ല്, മണി
   - കോരിത്തരിപ്പ് - കോരി, ത്തരിപ്പ്

4. "എനിക്ക് കുട്ടിക്കാലം വയസ്സാങ്കാലത്താണല്ലോ എന്നെനിക്കുതന്നെ ചിരിവരുന്നു;
<u>ഉപ്പുചുവയ്ക്കുന്ന ചിരി!</u>"
അടിവരയിട്ട പ്രയോഗംകൊണ്ട് അർഥമാക്കുന്നതെന്ത്?
   - ദുഃഖം നിറഞ്ഞ ചിരി
   - ഉപ്പുകലർന്ന ചിരി
   - സന്തോഷം നിറഞ്ഞ ചിരി
   - പരിഹാസം കലർന്ന ചിരി

5. " മഴ മരക്കൊമ്പുകളിൽനിന്ന് നേരെ എന്റെ മനസ്സിലേക്കാണ് വീഴാറ്." മരക്കൊമ്പ് എന്ന പദത്തിന്റെ വിഗ്രഹാർഥം ഏത്?
   - മരവും കൊമ്പും
   - മരമാകുന്ന കൊമ്പ്
   - മരത്തിന്റെ കൊമ്പ്
   - മരം എന്ന കൊമ്പ്

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(2 X 2 = 4)**

6. " മഴയത്ത് ഉതിരുന്ന പവിഴമല്ലിപ്പൂക്കൾ മുറ്റത്തേക്കല്ല, <u>ഉയിരിലേക്കാണു വീഴുന്നത്</u> എന്നാണ് എനിക്കു തോന്നാറ്.' (നനയാത്ത മഴ)

   അടിവരയിട്ട പ്രയോഗം സന്ദർഭത്തിനു നൽകുന്ന അർഥതലം കണ്ടെത്തി എഴുതുക.

7. **അർഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കി എഴുതുക.**

   കല്യാണത്തിന്റെ തീയതി അടുത്തടുത്ത് വന്നപ്പോൾ പുതിയ കുപ്പായത്തിന്റെ കാര്യം എന്നെ വല്ലാതെ അലട്ടാൻ തുടങ്ങി.

8. "ഉണ്മയുണ്മയിൽ ചേർന്നാൽ
   ഇമ്മിണി വലുതായി-
   ട്ടൊന്നുളവാകും"

   (ബഷീർ എന്ന ബല്യ ഒന്ന്)

   ഈ വരികളിലൂടെ കവി മുന്നോട്ടുവയ്ക്കുന്ന ആശയം വ്യക്തമാക്കുക.

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(5 X 4 = 20)**

9. • "ദാരിദ്ര്യത്തിന്റെ മാറിലേക്ക് വീഴുന്ന വെട്ടുപോലെ തൂമ്പ അയാളുടെ കൈയിൽനിന്ന് മുന്നോട്ടു കുതിച്ചുകൊണ്ടിരുന്നു."
   • "അയാളുടെ പ്രിയപ്പെട്ട വരിക്കമാവിലേക്ക് അയാൾ നോക്കി. അതും ഈ പ്രാവശ്യം അയാളെ ചതിച്ചിരിക്കുന്നു."

   കർഷകരുടെ ജീവിതത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് ഈ സന്ദർഭങ്ങളിൽ തെളിയുന്നത്? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

10. • "മഴ നനഞ്ഞല്ല, മഴ കൊള്ളാത്തയിടത്ത് സുരക്ഷിതമായി നിന്ന് വിരലൊന്നു നീട്ടിത്തൊട്ടാണ് മഴയെ ഞാനറിഞ്ഞിരിക്കുന്നത്. "

   (നനയാത്ത മഴ)

   നനഞ്ഞ മഴയേക്കാൾ നനയാത്ത മഴയാണ് എഴുത്തുകാരിയെ സ്വാധീനിച്ചത്. മുകളിൽ നൽകിയ സൂചനയും പാഠഭാഗത്തെ മറ്റു സന്ദർഭങ്ങളും വിശകലനം ചെയ്ത് ഈ പ്രസ്താവനയോട് പ്രതികരിക്കുക.

11. "അനുഭവങ്ങളുടെ തീവ്രതയും സാമൂഹികജീവിതത്തിന്റെ സവിശേഷതകളുമാണ് ഓർമ്മക്കുറിപ്പിനെ ഹൃദയസ്പർശിയാക്കുന്നത്."

   ഈ നിരീക്ഷണം 'കുപ്പായം' എന്ന പാഠഭാഗത്തിന് എത്രമാത്രം യോജിക്കുന്നുണ്ട്? നിങ്ങളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കുക.

12. "പൂവാലീ കരയാനുള്ള നേരമല്ലിത്. നമുക്കുടനെ പുറപ്പെടണം, മണ്ണിൽ എവിടെയെങ്കിലുമുണ്ടാവും, ജീവനെ കുളിരണിയിക്കാൻ നിറയെ വെള്ളമുള്ള ഒരിടം."

   (അംബികാസുതൻ മാങ്ങാട്)

   "എല്ലാം നശിച്ചുപോയിട്ടില്ല, പോകില്ല
   വല്ലതും ശേഷിക്കുമെന്നു വിചാരിക്കെ
   എന്തെന്തിതെൻ കരളിലാനന്ദവും
   മിഴിയിൽ വിശ്വാസവും പുതിയ
   ഭാവിയുടെ തെളിവാർന്ന ജൈവപ്രഭാവവും"

   (പുനലൂർ ബാലൻ)

   ജീവിതത്തെ കുളിരണിയിക്കുന്ന പ്രതീക്ഷകളെക്കുറിച്ചാണോ രണ്ട് എഴുത്തുകാരും പറയുന്നത്? തന്നിരിക്കുന്ന ഭാഗം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

13. "കുഴിയാനയി,ലാടിൽ,
അണ്ഡകോടിയിൽ സ്നേഹ-
പ്പൊരുൾ തേടിന കൈയാൽ "

(ബഷീർ എന്ന ബല്യ ഒന്ന്)

"എനിക്കീ പ്രപഞ്ചങ്ങളെ എല്ലാം സ്നേഹത്തോടെ ആലിംഗനം ചെയ്യാൻ തോന്നുന്നുണ്ട്."

(ഭൂമിയുടെ അവകാശികൾ)

മുകളിൽ നൽകിയ സൂചനകളിൽ തെളിയുന്ന, ബഷീറിന്റെ ജീവിതകാഴ്ചപ്പാടുകൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

14. "എന്നാലും ചരൽപോലെ കൂർത്തുനിൽക്കുന്നൊരു മഴയുണ്ട് ഓർമ്മയിൽ."
"അതിനിടെ ഒരു മഴ. ഊക്കൻ മഴ. നനഞ്ഞ് മുടിയഴിച്ചാടുന്ന യക്ഷിമഴ."

(നനയാത്ത മഴ)

മഴയ്ക്ക് വ്യത്യസ്തഭാവങ്ങൾ നൽകി വർണ്ണിച്ചതിന്റെ ഭംഗി വിശദമാക്കുക.

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(2X 6 = 12)**

15. • "പാലത്തറ ചന്തയിൽനിന്നോ മറ്റോ വരുത്തിയ തുണികൊണ്ടാണ് എന്റെ ഷർട്ടും ട്രൗസറും. ക്ലാസിൽ ഷർട്ടിടാത്ത കുട്ടികളും വരുന്നുണ്ട്. അതുകൊണ്ട് ഒരു മത്സരബുദ്ധിയോടെ ഞാൻ ആരുടെയും വേഷഭൂഷാദികളെ നോക്കിയിട്ടില്ല."
• "വീട്ടിലിരിക്കുമ്പോൾ ഇടുന്ന ഷർട്ടും ട്രൗസറും ഇത്ര നല്ലതാണെങ്കിൽ അവന്റെ പെട്ടിയിൽ ഇനി എന്തൊക്കെ ഉണ്ടാവും എന്നായിരുന്നു എന്റെ ചിന്ത."

(കുപ്പായം)

വസ്ത്രം ആവശ്യത്തിനപ്പുറം ആഡംബരമായി മാറുന്നുണ്ടോ? വിശകലനം ചെയ്ത് 'വേഷഭൂഷാദികളും ആഡംബരഭ്രമവും' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

16. • "കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യർക്കു
ദുഷ്ടത കാട്ടുവാനൊട്ടും മടിയില്ല."

• "പാരിലോരോ ജനം ദ്രവ്യമുണ്ടാക്കുവാൻ
ഓരോരോ വിദ്യകൾ കാട്ടുന്നു സന്തതം;
ആട്ടം പഠിക്കുന്നു ചാട്ടം പഠിക്കുന്നു
കൊട്ടു പഠിക്കുന്നു പാട്ടു സാധിക്കുന്നു."

(കിട്ടും പണമെങ്കിലിപ്പോൾ)

മുകളിൽ നൽകിയ വരികളും പാഠഭാഗവും വിശകലനം ചെയ്ത് 'കുഞ്ചൻനമ്പ്യാർക്കവിതകളുടെ സവിശേഷതകൾ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

17. "മഴ തിരിച്ചുപോകുമ്പോൾ വേണ്ട, പോകണ്ട, ഇത്തിരി നേരം കൂടി കഴിഞ്ഞ് പോയാൽ മതി എന്നൊരു സ്നേഹശാഠ്യം ഉള്ളിൽ നിറഞ്ഞ് ഞാൻ മഴയുടേതായി മാറുന്നു".

(നനയാത്ത മഴ)

മഴയുമായി സല്ലപിക്കുന്ന കുട്ടിയുടെ ചിന്തകളാണ് 'നനയാത്ത മഴ' എന്ന ഓർമ്മക്കുറിപ്പിനെ ഹൃദയസ്പർശിയാക്കുന്നത്. ഇതുപോലെ നിങ്ങളുടെ ഓർമ്മയിൽ തങ്ങിനിൽക്കുന്ന അനുഭവങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.